# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1308 13.07.2016 -ൽ മറുപടിയ്ക്ക്**

**കാവേരി നദീജല ട്രിബ്യൂണൽ വിധി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. കെ.ശശീന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് അവകാശപ്പെട്ട ജലമെത്രയാണെന്നും, നിലവിൽ ഉപയോഗിക്കുന്നതിന്റെ അളവെത്രയെന്നും വ്യക്തമാക്കുമോ; | (എ) കാവേരി നദീജല ട്രിബ്യൂണൽ വിധി പ്രകാരം കേരളത്തിന് 30Tmc ജലമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ കബനി ബേസിനിന് 21Tmc യും, ഭവാനി ബേസിന് 6Tmc യും, പാമ്പാർ ബേസിന് 3Tmc ജലവുമാണ് അനുവദിച്ചിട്ടുള്ളത്.<br>കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21Tmc ജലത്തിൽ 11.71Tmc ജലം കേരളം ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി) ശേഷിച്ച ജലം ഉപയുക്തമാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ? | (ബി) ഉണ്ട്. കബനി നദിയിൽ നിന്നും കാവേരി കരാർ പ്രകാരം ലഭിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിന് വേണ്ടി പനമരം, മാനന്തവാടി, നൂൽപ്പുഴ–ബാവലി എന്നീ പുഴകളിൽ റഗുലേറ്റർ നിർമ്മിക്കുന്നതിന് വേണ്ടി ടോപ്പോ ഗ്രാഫിക്കൽ സർവ്വേ പൂർത്തീകരിച്ചു, അവയുടെ സ്ഥാനനിർണ്ണയവും നടത്തി വരുന്നു. കൂടാതെ കാവേരി ട്രൈബ്യൂണൽ അനുവദിച്ചിരിക്കുന്ന ജലം ഉപയോഗിക്കുന്നതിന് വേണ്ടി 9 പുതിയ പദ്ധതികളുടെ (കടമാൻതോട്, നൂൽപ്പുഴ, ചുണ്ടാലിപ്പുഴ, തിരുനെല്ലി, ചേക്കാട്ട്, മഞ്ചാട്ട്, തോടാർ, പെരിങ്ങോട്ടുപ്പുഴ, കല്ലംപതി) സാധ്യതാപഠനം പൂർത്തീകരിച്ചു.<br>കാവേരി അവാർഡ് പ്രകാരം കബനി ബേസിനിൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കാൻ വേണ്ടി, പ്രസ്തുത ബേസിനിലെ പോഷകനദികളിലേയും, കൈവഴികളുടേയും ടോപ്പോ ഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.<br>കാവേരി അവാർഡ് പ്രകാരം പാമ്പാർ |

ബേസിനിൽ, 0.80 Tmc അനുവദിച്ചിട്ടുള്ള ചെങ്ങലാർ സ്കീമിലുള്ള പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പാമ്പാർ ബേസിനിലുള്ള 0.52 Tmc ജലം അനുവദിക്കപ്പെട്ട വട്ടവട സ്കീമിൽ ഉൾപ്പെട്ട 'ഒറ്റമരം' ഡാമിന്റെ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ പുനഃരാരംഭിക്കുവാനുള്ള നടപടികളും എടുത്തു വരുന്നു.

ഭവാനി ബേസിനിൽ 2.87 Tmc ജലം ഉപയോഗിക്കാനുള്ള അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായി മാർച്ച് 5, 2016-ൽ MOEF&CC-യിൽ അപേക്ഷ സമർപ്പിക്കുകയും, അവരുടെ Expert Appraisal Committee 28 March 2016-ൽ ഇക്കാര്യം പരിഗണിക്കുകയും ചെയ്തു. എന്നാൽ തമിഴ് നാട് അതിർത്തിയിൽ നിന്നും 10 കി.മീ.-നുള്ളിൽ പദ്ധതി പ്രദേശം വരുന്നതിനാൽ പദ്ധതിയിന്മേലുള്ള തമിഴ് നാട് സർക്കാരിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ